"ഭരണഭാഷ - മാതൃഭാഷ"
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള
CIN :U40100KL2011SGC027424
വെബ് സൈറ്റ് : www.kseb.in
സെക്രട്ടറി (ഭരണം) യുടെ കാര്യാലയം
ടെലഫോൺ നമ്പർ: +91 471 2514456, 2514575, 2514504
ഫാക്സ് : 0471 2554039 ഇ-മെയിൽ: secretary@kseb.In

---

No.SEC/Estt.V/General/2024 Date:05-09-2024

# പരിപത്രം

**വിഷയം** മാലിന്യമുക്ത കേരളം എന്ന ആശയം കെ.എസ്,ഇ.ബി.ലിമിറ്റഡിൽ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ- സംബന്ധിച്ച്

**സൂചന**
1. 22.05.2023 തീയതിയിൽ പ്രകാരം കേരള സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവ്
2. ചീഫ് സെക്രട്ടറിയുമായി 02.08.2024 തീയതിയിൽ സെക്രട്ടറിമാർ നടത്തിയ മീറ്റിംഗിലെ തീരുമാനം

മാലിന്യമുക്ത നവകേരളം എന്ന ലക്ഷ്യം നേടുന്നതിനായി നമ്മുടെ സംസ്ഥാനത്ത് ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നത് സംബന്ധിച്ച് സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിൽ എല്ലാ സ്ഥാപനങ്ങളും മാലിന്യ സംസ്കരണം പൂർണ്ണമായും ശാസ്ത്രീയമായി നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതായും, ഖരമാലിന്യ പരിപാലനചട്ടം 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം 2016 എന്നിവ കർശനമായി പാലിക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. കൂടാതെ 1986 ലെ പരിസ്ഥിതി (പരിപാലന) ആക്ടിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടില്ല എങ്കിൽ പ്രസ്തുത ആക്ടിലെ സെക്ഷൻ 17 പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണെന്നും പ്രതിപാദിച്ചിട്ടുണ്ട്.

ടി ഉത്തരവിൽ ഖണ്ഡിക 17 പ്രകാരം

- കെഎസ്ഇബി ലിമിറ്റഡ് ഓഫീസുകളിൽ നിലവിൽ ഉള്ള അപകടകരമായ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കു ന്നതിനും
- വൈദ്യുതിബില്ലിൽ ശുചിത്വ സന്ദേശം ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതിനും
- ഇലക്ട്രിക് പോസ്റ്റുകളിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചിരിക്കുന്നു.

ആയതിനാൽ സൂചന (2) പ്രകാരം വകുപ്പ് സെക്രട്ടറിമാരുമായി ചീഫ് സെക്രട്ടറി നടത്തിയ മീറ്റിംഗിൽ മാലിന്യമുക്തകേരളം എന്ന പദ്ധതിയിലെ മേൽ നിർദ്ദേശങ്ങൾ കെഎസ്ഇബി ലിമിറ്റഡിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടു ള്ളതാണ്. ആയതിനാൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ

പരിധിയിൽ വരുന്ന എല്ലാ കാര്യാലയങ്ങളിലെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിനും, മേൽ ഉത്തരവ് പ്രകാരം മാലിന്യ സംസ്കരണം പൂർണ്ണമായും ശാസ്ത്രീയമായും നടപ്പിലാക്കുന്നു എന്നും എല്ലാ വകുപ്പ് മേധാവി മേധാവികളും ഉറപ്പുവരുത്തേണ്ടതാണെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും കർശന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

Sd/-
BIJU PRABHAKAR IAS
CHAIRMAN AND MANAGING DIRECTOR

To
All ARU Heads

പകർപ്പ്:

1. ചീഫ് എഞ്ചിനിയർ(എച്ച്.ആർ. എം), എല്ലാ ചീഫ് എഞ്ചിനീയർമാർക്കും,
2. ചീഫ് എഞ്ചിനിയർ( IT,CR&CAPS)
3. ഫിനാൻഷ്യൽ അഡ്വൈസർ/ ചീഫ് ഇന്റേണൽ ആഡിറ്റർ/ ലീഗൽ അഡ്വൈസർ & ഡിസിപ്ളിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ പബ്ളിക് റിലേഷൻ ഓഫീസർ /ചീഫ് പേഴ്സണൽ ഓഫീസർ..
4. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റിന്
5. ഡയറക്ടർ (Distributuion, safety & SCM) / ഡയറക്ടർ ( Transmission safety & Planning)/ ഡയറക്ടർ ( (Generation Civil Soura Sports & Welfare, ഡയറക്ടർ (Finance & HRM) ന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്.
7. സെക്രട്ടറി (ഭരണം) യുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്.

Approved for issue.

Senior Superintendent
Establishment
Board Secretariat